ഹദീസ്

നൗഷാദ് ചേനപ്പാടി

# ബിദ്അത്ത് സുന്നത്തിന്റെ നിഷേധമാണ്

عَنْ أنس رَضِيَ اللَّهُ عَنْهُ قال: قال رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ :إِنَّ اللهَ احْتَجَزَ التَّوْبَةَ عن كلِّ صاحِبِ بِدْعَةٍ. (رواه الطبراني فى الأوسط بإسناد حسن و المنذري فى الترغيب و الترهيب و الألباني فى الصحيحة: ١٦٢٠. و قال حسن)

**അനസി(റ)ൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: "നിശ്ചയം, എല്ലാത്തരം ബിദ്അത്തിന്റെ ആളുകളുടെയും തൗബയുടെ ഇടയിൽ അല്ലാഹു മറയിട്ടിരിക്കുന്നു" (ഇമാം ത്വബ്റാനി(റ) തന്റെ 'മുഅ്ജമുൽ ഔസത്വി'ൽ ഉദ്ധരിച്ച ഹസനായ ഹദീസ്. ശൈഖ് അൽബാനി(റ)യും തന്റെ സ്വഹീഹയിൽ ഇതിനെ ഹസനായി രേഖപ്പെടുത്തിയിരിക്കുന്നു).**

ബിദ്അത്തിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്ന ഹദീസാണിത്. മറ്റുള്ളവരുമായി ബന്ധപ്പെടാത്ത ഏത് തെറ്റുകുറ്റങ്ങൾക്കും പാപങ്ങൾക്കും തൗബയുണ്ട്. അല്ലാഹുവിന്റെ കാരുണ്യത്താൽ അവനതു സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യാം. എന്നാൽ ദീനിൽ ബിദ്അത്തുണ്ടാക്കുകയെന്നത് അങ്ങനെയല്ല. ബിദ്അത്തെന്നാൽ,

بدعة: هي الفعلة المخالفةللسّنّة (الجرجاني فى التعريفات)

അഥവാ, അല്ലാഹുവിന്റെ റസൂലി(സ)ന്റെ സുന്നത്തിനു വിരുദ്ധമായ പ്രവൃത്തിയാണ് ബിദ്അത്ത്.

ജനങ്ങൾക്ക് ദീൻ പഠിപ്പിക്കാനായി അല്ലാഹു അയച്ചത് മുഹമ്മദ് നബി(സ)യെയാണ്. ദീനിൽ ഏതൊക്കെ, എന്തൊക്കെ വേണം എന്നും പരലോകത്ത് പ്രതിഫലം ലഭിക്കുന്ന പുണ്യകർമങ്ങൾ ഏതൊക്കെയാണെന്നും തീരുമാനിക്കാനുള്ള അവകാശം അല്ലാഹുവിനു മാത്രമാണ്. എന്താവരുതെന്നും ഏതാവരുതെന്നും തീരുമാനിക്കാനുള്ള അവകാശവും അല്ലാഹുവിനു തന്നെ. അക്കാര്യങ്ങളെല്ലാം തന്റെ റസൂൽ വഴിയാണ് അവൻ അറിയിച്ചുതരുന്നത്. ജനങ്ങൾ അതു പിന്തുടരുക മാത്രം ചെയ്താൽ മതി. ദീനിൽ സ്വന്തമായി ഒന്നും നിർമിക്കേണ്ടതില്ല. അത് അല്ലാഹുവിങ്കൽ സ്വീകാര്യവുമല്ല. അടിസ്ഥാനപരമായി നല്ല ബിദ്അത്തെന്നും ചീത്ത ബിദ്അത്തെന്നും ഇല്ലേയില്ല. എല്ലാ ബിദ്അത്തുകളും വഴിപിഴച്ചതും മോശവുമാണ്. 'കുല്ലു ബിദ്അത്തിൻ ളലാല', അഥവാ എല്ലാ നവനിർമിതിയും വഴികേടാണ് എന്നാണ് നബി (സ) പഠിപ്പിച്ചത്. പിന്നതിനെ വിഭജിക്കുന്നതിൽ എന്തർഥം? ഈ ഹദീസ് മുസ്‌ലിം, തിർമിദി, അബൂദാവൂദ് എന്നീ ഹദീസ് കിതാബുകൾ സ്വഹീഹായി റിപ്പോർട്ട് ചെയ്തതാണ്.

ഓരോ നബിമാരുടെയും ശരിയായ ദീൻ കാലാന്തരത്തിൽ വഴിതെറ്റി സ്വതന്ത്രങ്ങളായ മതങ്ങളായി പിരിഞ്ഞുപോയത്, അതിന്റെ അനുയായികൾ ആ നബിമാരുടെ അധ്യാപനങ്ങൾക്കും ചര്യകൾക്കും വിരുദ്ധമായി പുതുതായി പലതും ആ ദീനിൽ കടത്തിക്കൂട്ടിയതുകൊണ്ടാണ്. സന്യാസവും പൗരോഹിത്യവും അതിന്റെ അനന്തരഫലങ്ങളാണ്. അന്ത്യപ്രവാചകനിലൂടെ അല്ലാഹു പൂർത്തീകരിച്ച ഇസ്‌ലാം അതിന്റെ അനുയായികളുടെ കൈകടത്തലുകളാൽ ഒരു ഏറ്റപ്പറ്റും സംഭവിക്കാതെയും വികലമാവാതെയും വികൃതമാവാതെയും ലോകാവസാനം വരെ സുരക്ഷിതമായി നിലകൊള്ളാൻ അവൻ കർശനമായ നിബന്ധനകളും ചട്ടങ്ങളുമാണ് ഈ ദീനിൽ നിശ്ചയിച്ചിട്ടുള്ളത്. അത് ലംഘിക്കുന്നവർക്ക് കഠിന ശിക്ഷ നൽകുമെന്നും മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അതിൽപെട്ട ഒരു ഹദീസാണിത്.

പാപങ്ങൾ കൂടുതലും വ്യക്തിയിൽ പരിമിതമാണ്. ബിദ്അത്ത് അങ്ങനെയല്ല. അത് അല്ലാഹുവിന്റെ അധികാരത്തിലും അവകാശത്തിലും കൈകടത്തലും അതിനെ ചോദ്യം ചെയ്യലുമാണ്. അതൊരിക്കലും അവൻ പൊറുക്കില്ല. കാരണം തന്റെ സൃഷ്ടികൾ ഏതു ദീൻ, എങ്ങനെ ആചരിക്കണം എന്നു തീരുമാനിക്കാനുള്ള പരമാധികാരം അല്ലാഹുവിനു മാത്രമാണ്. അഥവാ അല്ലാഹുവിന് മാത്രമേ മനുഷ്യൻ ഇബാദത്ത് ചെയ്യാവൂ എന്നത് ദീനിന്റെ അടിത്തറയാണ്. അതേപോലെത്തന്നെ മുഖ്യവും പ്രാധാന്യമർഹിക്കുന്നതുമാണ്, അതേതു വിധത്തിൽ, രൂപത്തിൽ, എങ്ങനെ, എപ്പോൾ ആവണമെന്നതും. അതു തീരുമാനിക്കാനുള്ള അധികാരം നബി(സ)ക്കു പോലും അല്ലാഹു നൽകിയിട്ടില്ല. അവന്റെ നിർദേശപ്രകാരം അത് നടപ്പിൽവരുത്തി കാണിച്ചുതരിക എന്നതാണ് അവിടുത്തെ നിയോഗലക്ഷ്യം. അതിനെ പിന്തുടരുക എന്നതുമാത്രമാണ് അതിന്റെ അനുയായികളുടെ ബാധ്യത.

മനുഷ്യൻ തന്റെ ഭാഗത്തുനിന്ന് ദീനെന്ന പേരിൽ ഒരു ആചാരമോ കർമമോ അതിൽ കടത്തിക്കൂട്ടുമ്പോൾ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽ അയാൾ കൈകടത്തുകയാണ്. ഇതൊരിക്കലും അവൻ പൊറുക്കുകയില്ല. അതുകൊ

ണ്ടാണ് കർമപരമായ ഏത് പാപത്തേക്കാളും കൊടിയ പാപമായി ബിദ്അത്ത് മാറുന്നത്. ഒരു വ്യക്തി ചെയ്യുന്ന പാപം പലപ്പോഴും അവനിൽ പരിമിതമായിരിക്കും. എന്നാൽ ഒരു ബിദ്അത്ത് കൊണ്ടുവന്നാൽ ദീനാണെന്നു കരുതി ആരെല്ലാം അത് ആചരിക്കുന്നുവോ അവരുടെ പാപഫലങ്ങളും ഖിയാമംവരെ അയാൾ പേറേണ്ടിവരും.

മറ്റൊരു വശം കൂടിയുണ്ട്. ഈ ദീനിനെ നമുക്കു പരിചയപ്പെടുത്തുകയും പ്രയോഗത്തിൽ കാണിച്ചു തരികയും ചെയ്ത നബി(സ)യിൽ നാം കള്ളത്തരവും വഞ്ചനയും ആരോപിക്കലുമാണത്. ഇതൊക്കെ ദീനിലുണ്ടായിട്ടും ഞങ്ങളെ നബി (സ) ഇതൊന്നും പഠിപ്പിച്ചില്ല എന്നാണല്ലോ അതിന്റെ അർഥം. അതും ഗുരുതരമായ പാതകം തന്നെ. മുസ്‌ലിം ഉമ്മത്തിന്റെ ഐക്യത്തിന്റെ മുഖ്യോപാധിയാണ് സുന്നത്തിനെ പിൻപറ്റുക എന്നത്. കാരണം അത് അവരുടെ ഒരേയൊരു മാതൃകാ പുരുഷനായ നബി(സ)യെ മാത്രം പിൻപറ്റിയാൽ മതി എന്നതുകൊണ്ടാണ്. അതിനാൽ സുന്നത്തിനെ പിൻപറ്റൽ ഉമ്മത്തിന്റെ ഏകീകരണ ശക്തിയുമാണ്. മറിച്ച് ഉമ്മത്ത് ദീനാണെന്നു കരുതി ബിദ്അത്ത് അനുഷ്ഠിക്കുമ്പോൾ ആ ഐക്യത്തെ തകർക്കുകയാണ് ചെയ്യുന്നത്. സമൂഹത്തിൽ ആയിരക്കണക്കിനു ബിദ്അത്തുകൾ കാണും. അവയെല്ലാം ദീനാണെന്നു കരുതി ഒരു വിഭാഗം അനുഷ്ഠിക്കുകയും അതനുഷ്ഠിക്കാത്തവരെ ആക്ഷേപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുമ്പോഴാണ് മുസ്‌ലിം സമൂഹത്തിൽ ഭിന്നിപ്പ് ഉണ്ടായിത്തീരുന്നത്. പിന്നീട് ഓരോ വിഭാഗവും തങ്ങളുടെ രീതിയിൽ ഉറച്ചുനിൽക്കുകയും ഐക്യം അസാധ്യമായിത്തീരുകയും ചെയ്യുന്നു. എന്നു മാത്രമല്ല മുസ്‌ലിം ഉമ്മത്തിന്റെ ഏകീകരണ ശക്തിയായി വർത്തിക്കേണ്ടിയിരുന്ന സുന്നത്തിനെ ബിദ്അത്തുകൾ അപ്രസക്തമാക്കും.

ചില ഉദാഹരണങ്ങൾ കാണുക. തിങ്കളാഴ്ചത്തെയും വ്യാഴാഴ്ചത്തെയും അയ്യാമുൽ ബീളിന്റെയും സുന്നത്ത് നോമ്പുകളെപ്പറ്റി പതിനാലര നൂറ്റാണ്ടുകളായി ഈ ഉമ്മത്തിലെ ഒരു ഇമാമിനോ പണ്ഡിതനോ ഏതെങ്കിലും ത്വരീഖത്തുകൾക്കോ സംഘടനകൾക്കോ ഒരു അഭിപ്രായ വ്യത്യാസവുമില്ല. ഏകകണ്ഠമായി അംഗീകരിക്കപ്പെട്ടതാണത്. കാരണം അതു സംബന്ധമായ ഹദീസുകൾ സ്വഹീഹും അതിലെ നോമ്പിനെപ്പറിയുള്ള കൽപന സ്വരീഹുമാണ്, അഥവാ വളരെ വ്യക്തവുമാണ്. മറിച്ച് നാം മിഅ്റാജ് പോലെയുള്ള ദിവസങ്ങളെ പുണ്യമായി കരുതുകയും അതിൽ നോമ്പും മറ്റും പതിവായി അനുഷ്ഠിക്കുകയും ചെയ്യുമ്പോൾ അവിടെ സമൂഹത്തിൽ ഭിന്നിപ്പുണ്ടാകുന്നു. അതിനാൽ ബിദ്അത്തിനെ ഉമ്മത്ത് തിരസ്കരിക്കുകയും കുഴിച്ചുമൂടുകയും ചെയ്യാത്ത കാലത്തോളം ഐക്യം സ്വപ്നം കാണുന്നതിന് അർഥമില്ല. അവസാനം പരലോകത്ത് ഈ ബിദ്അത്തുകൾ അനുഷ്ഠിക്കുന്നവരും പ്രചരിപ്പിക്കുന്നവരും നിത്യനഷ്ടക്കാരായിത്തീരുകയും ചെയ്യുന്നു. അതിൽപരം നഷ്ടം വേറെയെന്ത്?

ബിദ്അത്ത് ചെയ്യുന്നവർ ആരു തന്നെയാവട്ടെ, അത് സാദാത്തുക്കളോ ആലിമീങ്ങളോ ഔലിയാക്കൾ എന്നു വിളിക്കപ്പെടുന്നവരോ ആരുമാകട്ടെ, അവരുടെ തൗബയുടെയും അല്ലാഹുവിന്റെയും ഇടയിൽ അവൻ മറയിട്ടിരിക്കുന്നു എന്ന ശക്തമായ മുന്നറിയിപ്പാണ് നബി (സ) നമുക്ക് നൽകുന്നത്. ഇതൊക്കെ സാധാരണ ജനം തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ●